entri

Monthly

# Current Affairs

JULY 2025



# INDEX


- വിംബിൾഡൺ 2025
- ഫിഫ ക്ലബ് ലോകകപ്പ് 2025
- ഫിഡെ വനിതാ ചെസ് ലോകകപ്പ്  2025
- ന്യൂയോർക്ക് ഇന്ത്യൻ ഫിലിം ഫെസ്റ്റിവൽ അവാർഡ്സ് 2025
- വിയോഗം - വി.എസ്. അച്യുതാനന്ദൻ
- ലോകം
- ഇന്ത്യ
- കേരളം
- കായികം
- സാഹിത്യം
- മറ്റ് പുരസ്കാരങ്ങൾ
- ശാസ്ത്ര സാങ്കേതിക മേഖല
- ഇന്ത്യ - പദ്ധതികൾ
- കേരളം - പദ്ധതികൾ
- സിനിമ
- നിയമനങ്ങൾ
- വിയോഗം
- സൈനികാഭ്യാസം
- റാങ്കിംഗ്
- വേദികൾ
- പ്രധാന ദിനങ്ങൾ

## വിംബിൾഡൺ 2025

- പുരുഷ സിംഗിൾസ് കിരീട ജേതാവ് - ജാനിക് സിന്നർ
  - ➔ ഫൈനലിൽ സ്പെയിനിന്റെ കാർലോസ് അൽക്കരാസിനെ പരാജയപ്പെടുത്തിയാണ് ഇറ്റലിയുടെ ജാനിക് സിന്നർ കിരീടം സ്വന്തമാക്കിയത്.
  - ➔ വിംബിൾഡൺ നേടുന്ന ആദ്യ ഇറ്റാലിയൻ താരമാണ് ജാനിക് സിന്നർ.
- വനിതാ സിംഗിൾസ് കിരീട ജേതാവ് - ഇഗ സ്വിയാടെക്ക്
  - ➔ ഫൈനലിൽ അമേരിക്കയുടെ അമാൻഡ അനിസിമോവയെ പരാജയപ്പെടുത്തിയാണ് പോളണ്ടിന്റെ ഇഗ സ്വിയാടെക്ക് കിരീടം സ്വന്തമാക്കിയത്.

## ഫിഫ ക്ലബ് ലോകകപ്പ് 2025

- 21-ാമത് ഫിഫ ക്ലബ്ബ് ലോകകപ്പ്
- കിരീട ജേതാക്കൾ - ചെൽസി
  - ➔ ഫൈനലിൽ പിഎസ്ജിയെ പരാജയപ്പെടുത്തിയാണ് ചെൽസി കിരീടം സ്വന്തമാക്കിയത്.
- 2025 ലെ ഫിഫ ക്ലബ്ബ് ലോകകപ്പ് വേദി - അമേരിക്ക

## ഫിഡെ വനിതാ ചെസ് ലോകകപ്പ് 2025

- 2025 ലെ ഫിഡെ വനിതാ ചെസ് ലോകകപ്പ് കിരീടം സ്വന്തമാക്കിയ ഇന്ത്യൻ വനിത - ദിവ്യ ദേശ്മുഖ്
  - ➔ ചെസ് ലോകകപ്പ് കിരീടം നേടുന്ന ആദ്യ ഇന്ത്യൻ വനിതയാണ് ദിവ്യ.
  - ➔ ഇന്ത്യൻ താരം തന്നെയായ കൊനേരു ഹംപിയെ ടൈബ്രേക്കറിൽ പരാജയപ്പെടുത്തിയാണ് നാഗ്പൂർ സ്വദേശിയായ ദിവ്യ ലോകകപ്പ് കിരീടം സ്വന്തമാക്കിയത്.

- കിരീടം സ്വന്തമാക്കിയ ദിവ്യ ദേശ്മുഖ് ഇതോടെ ഗ്രാൻഡ് മാസ്റ്റർ പദവി കൂടി സ്വന്തമാക്കി. ഗ്രാൻഡ് മാസ്റ്റർ പദവി നേടിയ നാലാമത്തെ ഇന്ത്യൻ വനിതയാണ് ദിവ്യ.
- 2025 ലെ ഫിഡെ വനിതാ ചെസ് ലോകകപ്പിന്റെ ഫൈനലിൽ എത്തിയ ഇന്ത്യൻ വനിതകൾ - ദിവ്യ ദേശ്മുഖ്, കൊനേരു ഹംപി
- ഫിഡെ വനിതാ ചെസ് ലോകകപ്പിന്റെ ഫൈനലിൽ എത്തിയ ആദ്യ ഇന്ത്യൻ വനിതയാണ് ദിവ്യ ദേശ്മുഖ്.
- ഫിഡെ വനിതാ ചെസ് ലോകകപ്പിന്റെ സെമിഫൈനലിൽ എത്തിയ ആദ്യ ഇന്ത്യൻ വനിതയാണ് കൊനേരു ഹംപി.

## ന്യൂയോർക്ക് ഇന്ത്യൻ ഫിലിം ഫെസ്റ്റിവൽ അവാർഡ്സ് 2025

- 25-ാമത് ന്യൂയോർക്ക് ഇന്ത്യൻ ഫിലിം ഫെസ്റ്റിവൽ
- മികച്ച സംവിധായിക - റിമ ദാസ് (ചിത്രം : വില്ലേജ് റോക്ക്സ്റ്റാർസ് 2)
- മികച്ച സിനിമ - അങ്കമ്മൽ (സംവിധാനം : വിപിൻ രാധാകൃഷ്ണൻ)
- മികച്ച നടൻ - നവാസുദ്ദീൻ സിദ്ദിഖി (ചിത്രം : ഐആം നോട്ട് ആൻ ആക്ടർ)
- മികച്ച നടി - ഷർമ്മിള ടാഗോർ (ചിത്രം : ദി ഏൻഷ്യന്റ്)

## വിയോഗം - വി.എസ്. അച്യുതാനന്ദൻ

- 2025 ജൂലൈ 21 ന് അന്തരിച്ച കേരളത്തിലെ മുതിർന്ന കമ്മ്യൂണിസ്റ്റ് നേതാവും മുൻ മുഖ്യമന്ത്രിയുമായിരുന്ന നേതാവ് - വി.എസ്. അച്യുതാനന്ദൻ
  - ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ താലൂക്കിലെ പുന്നപ്രയിൽ വേലിക്കകത്ത് വീട്ടിൽ ശങ്കരന്റെയും അക്കമ്മയുടെയും മകനായി 1923 ഒക്ടോബർ 20-ന് ആണ് വി.എസ്. അച്യുതാനന്ദൻ ജനിച്ചത്.

- പുരോഗമന പ്രസ്ഥാനങ്ങളിലും ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളിലും സജീവമായ ഇദ്ദേഹം 1940-ൽ കമ്മ്യൂണിസ്റ്റ് പാർട്ടി മെമ്പറായി.
- 1946-ൽ പുന്നപ്ര വയലാർ സമരത്തിൽ പങ്കെടുത്തു.
- കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പിളർപ്പിന് വഴിവച്ച 1964-ലെ ദേശീയ കൗൺസിൽ യോഗത്തിൽ നിന്ന് ഇറങ്ങിപ്പോന്ന് സി.പി.എം രൂപീകരിച്ച കേരളത്തിൽ നിന്നുള്ള ഏഴുനേതാക്കളിൽ ഒരാളാണ് വി.എസ്.അച്യുതാനന്ദൻ.
- 1992-1996, 2001-2006, 2011-2016 എന്നീ കേരള നിയമസഭകളിൽ അദ്ദേഹം പ്രതിപക്ഷ നേതാവായിരുന്നു.
- 2006 മുതൽ 2011 വരെ കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്നു  വി.എസ്. ഏറ്റവും കൂടിയ പ്രായത്തിൽ കേരളത്തിലെ മുഖ്യമന്ത്രിയായ വ്യക്തിയാണ് വി.എസ്.അച്യുതാനന്ദൻ.
- 2016-2020 കാലയളവിൽ അദ്ദേഹം ഭരണ പരിഷ്കാര കമ്മീഷൻ ചെയർമാൻ ആയിപ്രവർത്തിച്ചു.
- ജീവചരിത്രം - 'സമരം തന്നെ ജീവിതം'
- കൃതികൾ - ഇടപെടലുകൾക്ക് അവസാനമില്ല, സമരത്തിന് ഇടവേളകളില്ല, കേരള വികസന സങ്കൽപ്പങ്ങൾ, ഇരകൾ വേട്ടയാടപ്പെടുമ്പോൾ, അയ്യങ്കാളി മുതൽ പശ്ചിമഘട്ടം വരെ, പരിസ്ഥിതിയും വികസനവും, ജനപക്ഷം

# ലോകം

- LGBTQ+ അവകാശങ്ങളെ പിന്തുണച്ച് ഹംഗറിയിൽ നടന്ന സർക്കാർ വിരുദ്ധ പ്രകടനത്തിന്റെ പേര് - ബുഡാപെസ്റ്റ് പ്രൈഡ് മാർച്ച്
    - ഹംഗറിയുടെ പ്രധാനമന്ത്രി വിക്ടർ ഓർബന്റെ നിയന്ത്രണ നയങ്ങൾക്കെതിരായി നടന്നതാണ് 2 ലക്ഷത്തിലധികം ആളുകൾ പങ്കെടുത്ത ബുഡാപെസ്റ്റ് പ്രൈഡ് മാർച്ച്.

- ലോകാരോഗ്യ സംഘടന (WHO) മലേറിയ മുക്തമായി പ്രഖ്യാപിച്ച ആമസോൺ മേഖലയിലെ ആദ്യ രാജ്യം - സുരിനാം
- 2025 ജൂലൈ 1 മുതൽ പൊതുസ്ഥലങ്ങളിൽ പുകവലി നിരോധിച്ച രാജ്യം - ഫ്രാൻസ്

- യൂറോപ്പിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടിയായ മൗണ്ട് എൽബ്രസ് കീഴടക്കിയ ലോകത്തിലെ ഏറ്റവും പ്രായം കുറഞ്ഞ പർവ്വതാരോഹകൻ - തേഗ്ബീർ സിംഗ്
    - ➔ 6 വയസ്സും 9 മാസവും 4 ദിവസവും പ്രായമുള്ളപ്പോളാണ് യൂറോപ്പിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടിയായ മൗണ്ട് എൽബ്രസ് ഇന്ത്യയിലെ പഞ്ചാബിൽ നിന്നുള്ള തേഗ്ബീർ സിംഗ് കീഴടക്കിയത്.
    - ➔ 18,510 അടി (5,642 മീറ്റർ) ഉയരത്തിൽ റഷ്യയിൽ സ്ഥിതി ചെയ്യുന്ന യൂറോപ്യൻ ഭൂഖണ്ഡത്തിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടിയാണ് മൗണ്ട് എൽബ്രസ്.

- അഫ്ഗാനിസ്ഥാനിലെ താലിബാൻ സർക്കാരിനെ ഔദ്യോഗികമായി അംഗീകരിച്ച ആദ്യ രാജ്യം - റഷ്യ

- 'വൺ ബിഗ് ബ്യൂട്ടിഫുൾ ബിൽ' പാസാക്കിയ രാജ്യം - അമേരിക്ക
    - ➔ പുതിയ നികുതികൾ ചുമത്തിയും ചെലവ് ചുരുക്കൽ ലക്ഷ്യമിട്ടും പ്രസിഡന്റ് ഡോണൾഡ് ട്രംപ് അവതരിപ്പിച്ചതാണ് വൺ ബിഗ് ബ്യൂട്ടിഫുൾ ബിൽ.
    - ➔ 2025 ജൂലൈ 4 ന് ബില്ലിൽ പ്രസിഡന്റ് ഡോണൾഡ് ട്രംപ് ഒപ്പ് വെച്ചതോടെ 'വൺ ബിഗ് ബ്യൂട്ടിഫുൾ ബിൽ' നിയമമായി.

- പ്രമുഖ വ്യവസായിയായ ഇലോൺ മസ്ക് 2025 ജൂലൈയിൽ പ്രഖ്യാപിച്ച അമേരിക്കയിലെ പുതിയ പാർട്ടി - അമേരിക്ക പാർട്ടി

- 2025 ജൂലൈയിൽ സസ്‌പെൻഡ് ചെയ്യപ്പെട്ട തായ്‌ലൻഡ് പ്രധാനമന്ത്രി - പെയ്തോങ്‌തരൺ ഷിനവത്ര
    - ➔ മുൻ കംബോഡിയൻ പ്രധാനമന്ത്രി ഹുൻ സെന്നുമായുള്ള ഫോൺ സംഭാഷണം ചോർന്നതിനെ തുടർന്ന് തായ്‌ലൻഡ് പ്രധാനമന്ത്രി പെയ്തോങ്‌തരൺ ഷിനവത്രയെ സ്ഥാനത്തുനിന്ന് ഭരണഘടനാ കോടതി സസ്‌പെൻഡ് ചെയ്തു.

- 25 വർഷത്തെ പ്രവർത്തനത്തിന് ശേഷം 2025 ജൂലൈയിൽ പാകിസ്ഥാനിലെ പ്രവർത്തനം അവസാനിപ്പിച്ച വിവരസാങ്കേതികവിദ്യാകമ്പനി - മൈക്രോസോഫ്റ്റ്

- സുരിനാമിൻ്റെ ആദ്യ വനിതാ പ്രസിഡൻ്റ് - ജെന്നിഫർ സൈമൺസ്

- 2025 ജൂലൈയിൽ ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് 'കീ ടു ദ സിറ്റി' ബഹുമതി നൽകി ആദരിച്ച അർജന്റീനയിലെ നഗരം - ബ്യൂണസ് അയേഴ്‌സ്

- 2025 ജൂലൈയിൽ മിന്നൽ പ്രളയമുണ്ടായ അമേരിക്കൻ സ്റ്റേറ്റ് - ടെക്സസ്

- 2025 ജൂലൈയിൽ ന്യൂ ഡെവലപ്‌മെന്റ് ബാങ്കിൽ അംഗമായ രാജ്യങ്ങൾ - കൊളംബിയ, ഉസ്ബെക്കിസ്ഥാൻ

- ഇന്ത്യയിലെ ഏറ്റവും വലിയ സ്റ്റീൽ ഉൽപ്പാദകരിൽ ഒന്നായ സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യ ലിമിറ്റഡിന്റെ (SAIL) മിഡിൽ ഈസ്റ്റിലെ ആദ്യ വിദേശ ഓഫീസ് നിലവിൽ വന്നത് - ദുബായ്

- ➔ മിഡിൽ ഈസ്റ്റ് രാജ്യങ്ങളിലേക്കുള്ള സ്റ്റീൽ കയറ്റുമതി വേഗത്തിലാക്കുക, പുതിയ വാണിജ്യ പങ്കാളിത്തങ്ങൾ വളർത്തുക,അന്താരാഷ്ട്ര വിപണിയിൽ SAIL ഉൽപ്പന്നങ്ങളുടെ വ്യാപനം എന്നീ ലക്ഷ്യങ്ങളോടെയാണ് SAIL ദുബായിൽ ഓഫീസ് ആരംഭിച്ചത്.

- 2025 ജൂലൈയിൽ തുർക്കി കോടതി വിലക്ക് ഏർപ്പെടുത്തിയ ചാറ്റ് ബോട്ട് - ഗ്രോക്ക് (Grok)
    - ➔ പ്രസിഡന്റ് തയ്യിപ് എർദോഗനെ അപമാനിച്ചെന്ന് ആരോപിച്ചാണ് ഗ്രോക്കിലേക്കുള്ള പ്രവേശനം തുർക്കി കോടതി തടഞ്ഞത്.
    - ➔ ഇലോൺ മസ്ക് സ്ഥാപിച്ച കമ്പനിയായ xAI വികസിപ്പിച്ചെടുത്ത കൃത്രിമ ബുദ്ധി ചാറ്റ്ബോട്ടാണ് ഗ്രോക്ക് (Grok).

- 4 ട്രില്യൺ ഡോളർ വിപണി മൂല്യം കൈവരിക്കുന്ന ലോകത്തിലെ ആദ്യത്തെ ലിസ്റ്റ് ചെയ്ത കമ്പനി - എൻവിഡിയ (Nvidia)

- 2025-ലെ ലോകത്തിലെ ഏറ്റവും മികച്ച ഉപഭോക്തൃ ബാങ്കായി ഗ്ലോബൽ ഫിനാൻസ് മാഗസിൻ തിരഞ്ഞെടുത്ത ബാങ്ക് - സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (എസ്ബിഐ)

- 2025 ജൂലൈയിൽ ഭീകര സംഘടനയായി അമേരിക്ക പ്രഖ്യാപിച്ച സംഘടന - ദ റെസിസ്റ്റൻസ് ഫ്രണ്ട്
    - ➔ 2019ൽ ആർട്ടിക്കിൾ 370 റദ്ദാക്കിയതിന് തൊട്ടുപിന്നാലെ രൂപീകരിച്ച പാകിസ്ഥാൻ ആസ്ഥാനമായുള്ള ലഷ്കർ-ഇ-തൊയ്ബ (എൽഇടി) യുടെ ശാഖയാണ് എന്ന് വിശ്വസിക്കപ്പെടുന്ന ഒരു തീവ്രവാദ ഗ്രൂപ്പാണ് റെസിസ്റ്റൻസ് ഫ്രണ്ട് (ടിആർഎഫ്).

- 2023 ജനുവരിയിൽ യുഎപിഎ നിയമപ്രകാരം ഇന്ത്യൻ സർക്കാർ ഈ സംഘടനയെ ഭീകര സംഘടനയായി പ്രഖ്യാപിച്ചിരുന്നു.

- 2025 ജൂലൈയിൽ യുനെസ്കോയിൽ നിന്ന് പിന്മാറിയ രാജ്യം - അമേരിക്ക

- നംബിയോയുടെ (Numbeo) സേഫ്റ്റി ഇൻഡക്സ് 2025 മിഡ്-ഇയർ റിപ്പോർട്ട് പ്രകാരം ലോകത്തിലെ ഏറ്റവും സുരക്ഷിതമായ രാജ്യം - യു.എ.ഇ.

- സാംസ്കാരിക നയതന്ത്രത്തിന്റെ ഭാഗമായും, ബുദ്ധമതത്തിന് അശോക ചക്രവർത്തി നൽകിയ സംഭാവനകളെ അംഗീകരിക്കുന്നതിനായും അടുത്തിടെ അശോകസ്തംഭത്തിന്റെ പകർപ്പ് സ്ഥാപിച്ച ശ്രീലങ്കയിലെ സ്ഥലം - വാസ്കഡുവ
    - വാസ്കഡുവയിലെ ശ്രീ സുഭൂതി വിഹാരത്തിലാണ് അശോകസ്തംഭത്തിന്റെ പകർപ്പ് സ്ഥാപിച്ചിട്ടുള്ളത്.

- 2025 ജൂലൈയിൽ റഷ്യൻ തീരങ്ങളിലും, ജപ്പാൻ തീരങ്ങളിലും, അമേരിക്കൻ തീരങ്ങളിലും സുനാമിക്ക് കാരണമായ ഭൂചലനത്തിന്റെ പ്രഭവകേന്ദ്രം - റഷ്യ
    - റഷ്യയിലെ കംചട്ക ഉപദ്വീപിലാണ് ഭൂകമ്പമാപിനിയിൽ 8.8 തീവ്രത രേഖപ്പെടുത്തിയ ഭൂചലനം ഉണ്ടായത്.

- ബാർബഡോസിലെ വനങ്ങളിൽ നിന്നും വീണ്ടും കണ്ടെത്തിയ പൂർണമായും വംശനാശം സംഭവിച്ചു എന്ന് കരുതിയിരുന്ന ലോകത്തിലെ ഏറ്റവും ചെറിയ പാമ്പ് - ബാർബഡോസ് ത്രെഡ് സ്നേക്ക്

# ഇന്ത്യ

- ഇന്ത്യയിലെ ആദ്യത്തെ വന്യജീവി മേൽപ്പാലം ഇടനാഴി നിലവിൽ വന്ന എക്സ്പ്രസ് വേ - ഡൽഹി-മുംബൈ എക്സ്പ്രസ് വേ
    - ➔ രാജസ്ഥാനിലെ രന്തംബോർ കടുവ സംരക്ഷണ കേന്ദ്രത്തിന്റെ ബഫർ മേഖലയിലൂടെയാണ് ഇടനാഴി കടന്നുപോകുന്നത്.

- നിസാമാബാദിലെ (തെലങ്കാന) ദേശീയ മഞ്ഞൾ ബോർഡിന്റെ ആസ്ഥാനം ഉദ്ഘാടനം ചെയ്തത് - അമിത് ഷാ (കേന്ദ്ര ആഭ്യന്തര മന്ത്രി)
    - ➔ മഞ്ഞൾ കൃഷിയും മൂല്യവർധിത ഉൽപന്നങ്ങളും പ്രോത്സാഹിപ്പിക്കാനാണ് ബോർഡ് രൂപീകരിച്ചത്.

- ചൈനയിലെ കിങ്ദാവോയിൽ നടന്ന 2025-ലെ എസ്‌സിഒ പ്രതിരോധ മന്ത്രിമാരുടെ യോഗത്തിൽ സംയുക്ത പ്രസ്താവനയിൽ ഒപ്പിടാൻ വിസമ്മതിച്ച രാജ്യം - ഇന്ത്യ
    - ➔ പഹൽഗാം ഭീകരാക്രമണം കരട് പ്രസ്താവനയിൽ നിന്ന് ഒഴിവാക്കിയതിനാലാണ് ഇന്ത്യ എസ്‌സിഒ സംയുക്ത പ്രസ്താവനയിൽ ഒപ്പിടാൻ വിസമ്മതിച്ചത്.

- ആസ്ട്രോ ടൂറിസത്തെയും ശാസ്ത്രാധിഷ്ഠിത ടൂറിസത്തെയും പ്രോത്സാഹിപ്പിക്കുന്നതിനായി, ടൂറിസം വകുപ്പ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആസ്ട്രോഫിസിക്സ് ബാംഗ്ലൂരുമായി സഹകരിച്ച് 2025-ൽ ലേയിൽ സംഘടിപ്പിച്ച ഫെസ്റ്റിവൽ - ലഡാക്ക് ആസ്ട്രോ ടൂറിസം ഫെസ്റ്റിവൽ

- 2026 ജൂണിൽ അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്ക് യാത്ര പുറപ്പെടുന്ന ഇന്ത്യൻ വംശജൻ - അനിൽ മേനോൻ

- 2026 ജൂണിൽ റഷ്യയുടെ സോയൂസ് എംഎസ്-29 പേടകത്തിലാണ് നാസയുടെ ശാസ്ത്രജ്ഞനായ അനിൽ അന്താരാഷ്ട്ര ബഹിരാകാശനിലയത്തിലേക്ക് പുറപ്പെടുന്നത്.
- കസാഖ്സ്താനിലെ ബെയ്ക്ക്നൂറിൽ നിന്നാകും വിക്ഷേപണം.
- റഷ്യയുടെ പയതോർ ദുബ്രോവും അന്ന കികിനയുമാണ് ഒപ്പമുള്ള സഞ്ചാരികൾ.

- അടുത്തിടെ ശക്തമായ സ്ഫോടനമുണ്ടായ സിഗാച്ചി ഫാർമ കമ്പനി സ്ഥിതി ചെയ്യുന്ന സംസ്ഥാനം - തെലങ്കാന

- ഡിജിറ്റൽ ഹൗസ് അഡ്രസ്സ് പ്രോജക്റ്റ് ആരംഭിച്ച ഇന്ത്യയിലെ ആദ്യത്തെ നഗരം - ഇൻഡോർ, മധ്യപ്രദേശ്
  - നഗരത്തിലെ ഓരോ വീടിനും പുറത്ത് ക്യുആർ കോഡുകളുള്ള പ്രത്യേക ഡിജിറ്റൽ പ്ലേറ്റുകൾ സ്ഥാപിക്കുന്നതാണ് പദ്ധതി.

- 2025 ജൂലൈയിൽ ഘാനയുടെ ദേശീയ പുരസ്കാരമായ 'ദി ഓഫീസർ ഓഫ് ദി ഓർഡർ ഓഫ് ദി സ്റ്റാർ ഓഫ് ഘാന' ലഭിച്ച ഇന്ത്യൻ പ്രധാനമന്ത്രി - നരേന്ദ്ര മോദി

- കരളിലെ കാൻസർ കണ്ടെത്താൻ സഹായിക്കുന്ന പേപ്പർ അധിഷ്ഠിത സെൻസർ സംവിധാനം വികസിപ്പിച്ചത് - ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, ബാംഗ്ലൂർ
  - കരൾ കാൻസർ കണ്ടെത്തുന്നതിന് സഹായിക്കുന്ന β-ഗ്ലൂക്കുറോണിഡേസ് എന്ന എൻസൈമിന്റെ സാന്നിധ്യം മനസ്സിലാക്കാൻ അപൂർവ എർത്ത് ലോഹമായ ടെർബിയം ഉപയോഗിക്കുന്ന ഒരു ലുമിനസെന്റ് പ്രോബ് ആണ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ (ഐഐഎസ്സി) ഗവേഷകർ വികസിപ്പിച്ചെടുത്തത്.

- 2025 ജൂലൈയിൽ ട്രിനിഡാഡ് ആൻഡ് ടൊബാഗോയുടെ പരമോന്നത സിവിലിയൻ ബഹുമതിയായ 'ഓർഡർ ഓഫ് ദി റിപ്പബ്ലിക് ഓഫ് ട്രിനിഡാഡ് ആൻഡ് ടൊബാഗോ' ലഭിച്ച ഇന്ത്യൻ പ്രധാനമന്ത്രി - നരേന്ദ്ര മോദി
  - ട്രിനിഡാഡ് ആൻഡ് ടൊബാഗോയുടെ പരമോന്നത സിവിലിയൻ അവാർഡ് നരേന്ദ്രമോദിക്ക് സമ്മാനിച്ചത് ട്രിനിഡാഡ് ആൻഡ് ടൊബാഗോ പ്രസിഡന്റ് ക്രിസ്റ്റീൻ കാംഗാലൂ ആണ്.
  - ഈ ബഹുമതി ലഭിക്കുന്ന ആദ്യത്തെ വിദേശ നേതാവ് പ്രധാനമന്ത്രി നരേന്ദ്രമോദിയാണ്.

- ഗ്രാമീണ മേഖലയിലെ ദാരിദ്യം ഇല്ലാതാക്കാൻ ലക്ഷ്യമിട്ട് "പണ്ഡിറ്റ് ദീൻദയാൽ ഉപാധ്യായ ഗരീബി മുക്ത് ഗാവ് യോജന" ആരംഭിച്ച സംസ്ഥാനം - രാജസ്ഥാൻ

- അടുത്തിടെ ഇന്ത്യൻ തീരസംരക്ഷണ സേനയുടെ ഭാഗമായ അതിവേഗ പട്രോൾ കപ്പൽ - ആദമ്യ
  - ഗോവ ഷിപ്പ്യാർഡ് ലിമിറ്റഡ് നിർമ്മിക്കുന്ന എട്ട് ഫാസ്റ്റ് പട്രോൾ വെസ്സലുകളിൽ ആദ്യത്തേതാണ് 'ആദമ്യ'.

- നാവികസേനയിൽ യുദ്ധവിമാനം പറത്താൻ പരിശീലനം നേടിയ ആദ്യ വനിത - സബ് ലെഫ്റ്റനന്റ് ആസ്ത പുനിയ

- ഇന്ത്യയിലെ ആദ്യ സഹകരണ സർവകലാശാല - ത്രിഭുവൻ സഹകാരി വിശ്വ വിദ്യാലയം

- ആഗോള ഔഷധ കടത്ത് തടയിടുന്നതിനും, നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന ഔഷധ വിതരണ ശൃംഖലകൾ അടച്ചുപൂട്ടുന്നതിനും നാർക്കോട്ടിക്സ് കൺട്രോൾ ബ്യൂറോ ആരംഭിച്ച ഓപ്പറേഷൻ - ഓപ്പറേഷൻ മെഡ് മാക്സ്

- എയർപോർട്ട് കൗൺസിൽ ഇന്റർനാഷണൽ (എസിഐ) പ്രസിദ്ധീകരിച്ച 2024ലെ വാർഷിക റിപ്പോർട്ട് പ്രകാരം ലോകത്തിലെ ഏറ്റവും തിരക്കേറിയ 9-ാമത്തെ വിമാനത്താവളം - ഇന്ദിരാഗാന്ധി അന്താരാഷ്ട്ര വിമാനത്താവളം, ഡൽഹി
  - ➔ ലോകത്തിലെ ഏറ്റവും തിരക്കേറിയ അന്താരാഷ്ട്ര വിമാനത്താവളങ്ങളുടെ പട്ടികയിൽ ഒന്നാം സ്ഥാനം അമേരിക്കയിലെ അറ്റ്ലാന്റ വിമാനത്താവളത്തിനാണ്.
  - ➔ ദുബായ് അന്താരാഷ്ട്ര വിമാനത്താവളവും അമേരിക്കയിലെ ഫോർട്ട് വർത്ത് വിമാനത്താവളവുമാണ് പട്ടികയിൽ രണ്ടും മൂന്നും സ്ഥാനത്ത്.

- ആധാർ അടിസ്ഥാനമാക്കിയുള്ള മുഖ തിരിച്ചറിയൽ (Face Authentication) ഉപയോഗിച്ച് റേഷൻ വിതരണം ആരംഭിച്ച ഇന്ത്യയിലെ ആദ്യ സംസ്ഥാനം - ഹിമാചൽ പ്രദേശ്

- നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് കോ-ഓപ്പറേഷൻ ആൻഡ് ചൈൽഡ് ഡെവലപ്മെന്റിന്റെ (എൻഐപിസിസിഡി) പുതിയ പേര് - സാവിത്രിഭായ് ഫൂലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിമൻ ആൻഡ് ചൈൽഡ് ഡെവലപ്മെന്റ്
  - ➔ വനിതാ ശാക്തീകരണത്തിലും സാമൂഹിക നീതിയിലും സാവിത്രിഭായിയുടെ സംഭാവനകളെ ആദരിച്ചുകൊണ്ട് ആണ് ഈ മാറ്റം.
  - ➔ സാവിത്രിഭായ് ഫൂലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിമൻ ആൻഡ് ചൈൽഡ് ഡെവലപ്മെന്റിന്റെ ആസ്ഥാനം ന്യൂഡൽഹി ആണ്.
  - ➔ സ്ത്രീകളുടെയും കുട്ടികളുടെയും സമഗ്ര വികസനം, തെളിവ് അടിസ്ഥാനത്തിലുള്ള നയ രൂപീകരണം, ശിക്ഷണ പരിപാടികൾ, പഠനങ്ങൾ, മാനവശേഷി വികസനം എന്നിവ നടത്തുകയാണ് ഈ സ്ഥാപനത്തിന്റെ ലക്ഷ്യം.

- അമർനാഥ് യാത്രയുടെ സുരക്ഷിതവും തടസ്സമില്ലാത്തതുമായ നടത്തിപ്പ് ഉറപ്പാക്കാൻ ലക്ഷ്യമിട്ട് ഇന്ത്യൻ സൈന്യം ആരംഭിച്ച സുരക്ഷാ ഓപ്പറേഷൻ - ഓപ്പറേഷൻ ശിവ 2025

- സ്ഥാപിതമായതിന്റെ 150-ാം വാർഷികം 2025-ൽ ആഘോഷിക്കുന്ന ഇന്ത്യൻ സ്റ്റോക്ക് എക്സ്ചേഞ്ച് - ബോംബെ സ്റ്റോക്ക് എക്സ്ചേഞ്ച് (ബിഎസ്ഇ)
    - ➔ മുംബൈ ആസ്ഥാനമായുള്ള ഒരു ഇന്ത്യൻ സ്റ്റോക്ക് എക്സ്ചേഞ്ചാണ് ബോംബെ സ്റ്റോക്ക് എക്സ്ചേഞ്ച്.
    - ➔ 1875-ൽ സ്ഥാപിതമായ ബോംബെ സ്റ്റോക്ക് എക്സ്ചേഞ്ച് ഏഷ്യയിലെ ഏറ്റവും പഴയ സ്റ്റോക്ക് എക്സ്ചേഞ്ചാണ്.

- ഇന്ത്യയിലെ ആദ്യത്തെ വാട്ടർ ടെക്നോളജി പാർക്കായ 'അക്വാ ടെക് പാർക്ക്' നിലവിൽ വന്ന സംസ്ഥാനം - അസം
    - ➔ അസം സർക്കാരിന്റെ നേതൃത്വത്തിൽ മത്സ്യബന്ധന വകുപ്പാണ് അക്വാ ടെക് പാർക്ക് ആരംഭിച്ചത്.
    - ➔ ആധുനിക മത്സ്യ കൃഷി സാങ്കേതിക വിദ്യകൾ പ്രചരിപ്പിക്കുക, മത്സ്യ സംരംഭകർ, കർഷകർ, വിദ്യാർത്ഥികൾ, ശാസ്ത്രജ്ഞർ എന്നിവർക്കായി പരിശീലനവും ഗവേഷണ സൗകര്യവും നൽകുക,ജലസങ്കേതങ്ങളുടെ കാര്യക്ഷമമായ ഉപയോഗം പ്രോത്സാഹിപ്പിക്കുക എന്നിവയാണ് അക്വാ ടെക് പാർക്കിന്റെ ഉദ്ദേശ്യം.

- ഇന്റർനാഷണൽ ആസ്ട്രോണമിക്കൽ യൂണിയന്റെ ഉൽക്കാപഠന നേതൃ സമിതിയിൽ അംഗമായ ആദ്യ ഇന്ത്യക്കാരൻ - അശ്വിൻ ശേഖർ
    - ➔ ഉൽക്കാപഠനരംഗത്ത് നൽകിയ സംഭാവനകൾ മുൻനിർത്തി, 2023 ജൂണിൽ ഒരു ഛിന്നഗ്രഹത്തിന് അന്താരാഷ്ട്ര അസ്ട്രോണമിക്കൽ യൂണിയൻ അശ്വിന്റെ പേര് ('(33928) അശ്വിൻശേഖർ') നൽകുകയുണ്ടായി.

- ഇന്ത്യയിലെ ഏറ്റവും നീളം കൂടിയ രണ്ടാമത്തെ കേബിൾ സ്റ്റേയ്ഡ് പാലം - സിഗന്ദൂർ പാലം
  - ➔ കർണാടകയിലെ ശിവമോഗ ജില്ലയിൽ ശരാവതി നദിക്കു കുറുകെ നിർമിച്ച സിഗന്ദൂർ പാലത്തിന് 2.25 കിലോമീറ്റർ നീളമുണ്ട്.
  - ➔ ശിവമോഗയിലെ സാഗർ താലൂക്കിലെ കലാസവള്ളി, അംബാരഗോഡ്‌ലു എന്നീ സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതാണ് സിഗന്ദൂർ പാലം.

- കൃത്രിമബുദ്ധിയുടെ (എഐ) സഹായത്തോടെ കൊതുകു ശല്യം നിയന്ത്രിക്കാൻ 'സ്മാർട്ട് മൊസ്കിറ്റോ സർവൈലൻസ് സിസ്റ്റം (SMoSS)' എന്ന നൂതന സംവിധാനം ആരംഭിച്ച സംസ്ഥാനം - ആന്ധ്രപ്രദേശ്
  - ➔ ഡെങ്കി, മലേറിയ തുടങ്ങിയ കൊതുകുജന്യ രോഗങ്ങളുടെ വ്യാപനം തടയാനാണ് സർക്കാർ ഈ പദ്ധതി ആരംഭിച്ചത്.
  - ➔ കൊതുകുകളെ നിരീക്ഷിക്കാനും, രോഗബാധിത പ്രദേശങ്ങളിൽ പെട്ടെന്ന് നടപടിയെടുക്കാൻ സംസ്ഥാനത്തെ സഹായിക്കാനും ഈ സ്മാർട്ട് സിസ്റ്റം എഐ ഡ്രോണുകളും സെൻസറുകളും ഉപയോഗിക്കുന്നു.

- 2025 ജൂലൈയിൽ ആരോഗ്യപരമായ കാരണങ്ങളാൽ ഇന്ത്യയുടെ ഉപരാഷ്ട്രപതി സ്ഥാനത്ത് നിന്ന് രാജി വെച്ച വ്യക്തി - ജഗ്‌ദീപ് ധൻഖർ
  - ➔ 2022 ഓഗസ്റ്റിലാണ് ജഗ്‌ദീപ് ധൻഖർ 14-ാമത് ഉപരാഷ്ട്രപതിയായി സ്ഥാനമേൽക്കുന്നത്.
  - ➔ ഇന്ത്യയുടെ ചരിത്രത്തിൽ കാലാവധി പൂർത്തിയാകും മുമ്പ് രാജിവയ്ക്കുന്ന മൂന്നാമത്തെ ഉപരാഷ്ട്രപതിയാണ് ജഗ്‌ദീപ് ധൻഖർ. വി.വി.ഗിരിയും ആർ.വെങ്കിട്ടരാമനുമാണ് ഇതിനു മുൻപ് രാജി വെച്ച ഉപരാഷ്ട്രപതിമാർ.

- ഇന്ത്യയിലെ ആദ്യ 'Mining Tourism' പദ്ധതി ആരംഭിച്ച സംസ്ഥാനം - ജാർഖണ്ഡ്

- ഖനന ടൂറിസം വികസിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി സംസ്ഥാന സർക്കാർ സെൻട്രൽ കോൾഫീൽഡ്സ് ലിമിറ്റഡുമായി (സിസിഎൽ) അഞ്ച് വർഷത്തെ ധാരണാപത്രത്തിൽ ഒപ്പുവച്ചു.
- ടൂറിസവും പ്രാദേശിക തൊഴിലവസരങ്ങളും വർദ്ധിപ്പിക്കുന്നതിനൊപ്പം ജാർഖണ്ഡിന്റെ സമ്പന്നമായ ധാതു പൈതൃകം പ്രദർശിപ്പിക്കുക എന്നതാണ് ഈ സംരംഭത്തിന്റെ ലക്ഷ്യം.

- കാർഗിൽ യുദ്ധത്തിൽ വീരമൃത്യു വരിച്ച സൈനികരെ ആദരിക്കുന്നതിനായി രാജസ്ഥാൻ നിയമസഭ സ്ഥാപിക്കുന്ന ഉദ്യാനം - ശൗര്യ വാടിക
  - നിയമസഭാ വളപ്പിനുള്ളിലാണ് ഉദ്യാനം സ്ഥാപിക്കുന്നത്.

- ഇന്ത്യയിലെ ആദ്യത്തെ വേഴാമ്പൽ സംരക്ഷണ കേന്ദ്രം നിലവിൽ വരുന്ന സംസ്ഥാനം - തമിഴ്നാട്
  - കോയമ്പത്തൂർ ജില്ലയിലെ ആനമല കടുവാസങ്കേതത്തിൽ സംരക്ഷണകേന്ദ്രം സ്ഥാപിക്കാനാണ് തമിഴ്നാട് സർക്കാർ ഭരണാനുമതി നൽകിയത്.
  - വേഴാമ്പലുകളുടെ ആവാസവ്യവസ്ഥ സംരക്ഷിക്കുക, ജൈവവൈവിധ്യം നിലനിർത്തുക എന്നതാണ് വേഴാമ്പൽ സംരക്ഷണ കേന്ദ്രത്തിന്റെ ഉദ്ദേശ്യം.

- ഹൈഡ്രജൻ ഇന്ധനമായി പ്രവർത്തിക്കുന്ന ഇന്ത്യയിലെ ആദ്യത്തെ ട്രെയിൻ കോച്ച് വിജയകരമായി പരീക്ഷിച്ചത് - ഇന്റഗ്രൽ കോച്ച് ഫാക്ടറി (ICF), ചെന്നൈ

- ബുദ്ധ സമ്യക് ദർശൻ മ്യൂസിയവും സ്മാരക സ്തൂപവും നിലവിൽ വന്ന ബീഹാറിലെ ജില്ല - വൈശാലി
  - 72 ഏക്കർ സ്ഥലത്ത് വ്യാപിച്ചു കിടക്കുന്ന, 550 കോടിയിലധികം രൂപ ചിലവിൽ നിർമ്മിച്ച 'ബുദ്ധ സമ്യക്

ദർശൻ മ്യൂസിയവുംസ്മാരക സ്തൂപവും' ഉദ്ഘാടനം ചെയ്തത് മുഖ്യമന്ത്രി നിതീഷ് കുമാർ ആണ്.
  - സിമന്റ്, ഇഷ്ടിക, കോൺക്രീറ്റ് എന്നിവ ഉപയോഗിക്കാതെ പൂർണ്ണമായും കല്ല് ഉപയോഗിച്ചാണ് സ്തൂപം നിർമ്മിച്ചിരിക്കുന്നത്.

# കേരളം

- സംസ്ഥാനത്തെ ആദ്യത്തെ സമ്പൂർണ്ണ തെരുവുവിളക്ക് പഞ്ചായത്ത് - പാറളം ഗ്രാമപഞ്ചായത്ത്

- അടുത്തിടെ മമ്മൂട്ടിയുടെ ജീവചരിത്രം പാഠപുസ്തകത്തിൽ ഉൾപ്പെടുത്തിയത് - മഹാരാജാസ് കോളേജ്
  - രണ്ടാംവർഷ ചരിത്ര വിദ്യാർഥികളുടെ മലയാള സിനിമയുടെ ചരിത്രം എന്ന മേജർ ഇലക്ടീവ് കോഴ്സിലാണ് മമ്മൂട്ടിയുടെ ജീവചരിത്രവും ഉൾപ്പെടുത്തിയിട്ടുള്ളത്.

- അടുത്തിടെ കേരള ടൂറിസത്തിന്റെ പരസ്യത്തിൽ ഉൾപ്പെട്ട ബ്രിട്ടീഷ് യുദ്ധ വിമാനം - എഫ്-35ബി
  - സാങ്കേതിക തകരാറിനെ തുടർന്ന് അടിയന്തിരമായി തിരുവനന്തപുരം വിമാനത്താവളത്തിൽ ഇറക്കിയ ബ്രിട്ടിഷ് യുദ്ധവിമാനം ആണ് എഫ്-35ബി.

- വിവിധ ഉൽപ്പന്നങ്ങളുടെ വിൽപനയിലൂടെ 100 കോടി വിറ്റുവരവ് ലക്ഷ്യമിട്ട് ഓഗസ്റ്റ് ഒന്നുമുതൽ സെപ്റ്റംബർ നാലു വരെ ഖാദിബോർഡ് നടത്തുന്ന ക്യാംപയിൻ - എനിക്കും വേണം ഖാദി

- സമ്പൂർണ്ണ പ്ലാസ്റ്റിക് വിമുക്ത മേഖലയാക്കി 'ഹരിത ഡെസ്റ്റിനേഷൻ' പദവിയിലേക്ക് ഉയർത്താൻ തീരുമാനിച്ച പാലക്കാട് ജില്ലയിലെ വിനോദ സഞ്ചാര കേന്ദ്രം - നെല്ലിയാമ്പതി
  - ➔ ഇതിന്റെ ഭാഗമായി ഒക്ടോബർ രണ്ട് മുതൽ നെല്ലിയാമ്പതിയിൽ ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ഉത്പന്നങ്ങൾക്ക് കർശന നിരോധനം ഏർപ്പെടുത്തും.

- മത്സ്യകൃഷിയിലെ മികച്ച നേട്ടങ്ങൾക്ക് കേരള ഫിഷറീസ് വകുപ്പ് നൽകുന്ന 2025-ലെ എക്സലൻസ് അവാർഡ് നേടിയ കേരളത്തിലെ ജില്ല - കാസർഗോഡ്

- 2025 ജൂലൈയിൽ കേരളത്തിൽ നിന്ന് ഇന്ത്യൻ രാഷ്ട്രപതി രാജ്യസഭയിലേക്ക് നാമനിർദ്ദേശം ചെയ്ത വ്യക്തി - സി. സദാനന്ദൻ മാസ്റ്റർ
  - ➔ സി. സദാനന്ദനെ കൂടാതെ അഭിഭാഷകൻ ഉജ്ജ്വൽ നികം, മുൻ വിദേശകാര്യ സെക്രട്ടറി ഹർഷ് വർധൻ ശൃംഗ്ല, ചരിത്രകാരിയും അധ്യാപികയുമായ മീനാക്ഷി ജെയിൻ എന്നിവരെയും രാഷ്ട്രപതി രാജ്യസഭയിലേക്ക്2025 ജൂലൈയിൽ നാമനിർദ്ദേശം ചെയ്തു.

- ഇന്ത്യയിലാദ്യമായി ശ്രവണപരിമിതിയുള്ള വിദ്യാർഥികൾക്കായി പ്രത്യേക പാഠപുസ്തകം തയ്യാറാക്കിയ സംസ്ഥാനം - കേരളം

- കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം 2020 മുതൽ 2025 വരെ സംരക്ഷിത വനമേഖലകളിൽ നടത്തിയ മാനേജ്മെന്റ് എഫക്ടീവ് ഇവാല്യുവേഷന്റെ അടിസ്ഥാനത്തിൽ ഇന്ത്യയിലെ ഏറ്റവും മികച്ച ദേശീയോദ്യാനമെന്ന നേട്ടം സ്വന്തമാക്കിയ കേരളത്തിലെ ദേശീയോദ്യാനം - ഇരവികുളം ദേശീയോദ്യാനം

- രാജ്യത്തെ 438 സംരക്ഷിത വനമേഖലകളിൽ പല ഘട്ടങ്ങളിലായി വിദഗ്ധസമിതി നടത്തിയ പരിശോധനകളുടെയും വിലയിരുത്തലുകളുടെയും അടിസ്ഥാനത്തിലാണ് 92.97 ശതമാനം സ്കോർ നേടി ഇരവികുളം ദേശീയോദ്യാനം ഒന്നാം സ്ഥാനം കരസ്ഥമാക്കിയത്.

- 2025 ജൂലൈയിൽ സംസ്ഥാനത്തെ മോട്ടോർ വാഹന വകുപ്പ് ഓഫീസുകളിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധന - ഓപ്പറേഷൻ ക്ലീൻ വീൽസ്

# കായികം

- 2025 ലെ യുഎസ് ഓപ്പൺ ബാഡ്മിന്റൺ പുരുഷ സിംഗിൾസിൽ കിരീടം സ്വന്തമാക്കിയ ഇന്ത്യൻ താരം - ആയുഷ് ഷെട്ടി
  - ഫൈനലിൽ കാനഡയുടെ ബ്രയാൻ യാങ്ങിനെ പരാജയപ്പെടുത്തിയാണ് ആയുഷ് കിരീടം സ്വന്തമാക്കിയത്.

- 2025 ലെ ലോക പാരാ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിന്റെ ഭാഗ്യ ചിഹ്നം - വിരാജ്
  - 2025-ലെ ലോക പാരാ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിന്റെ വേദി - ന്യൂഡൽഹി
  - ബ്രാൻഡ് അംബാസഡറായി തിരഞ്ഞെടുക്കപ്പെട്ട ബോളിവുഡ് നടി - കങ്കണ റണാവത്ത്

- 2025ലെ അണ്ടർ-21 യൂറോകപ്പ് കിരീട ജേതാക്കൾ - ഇംഗ്ലണ്ട്
  - ഫൈനലിൽ ജർമ്മനിയെ പരാജയപ്പെടുത്തിയാണ് ഇംഗ്ലണ്ട് കിരീടം സ്വന്തമാക്കിയത്.

- ടെസ്റ്റിൽ ഏറ്റവും ഉയർന്ന വ്യക്തിഗത സ്കോർ നേടുന്ന ഇന്ത്യൻ ക്യാപ്റ്റനെന്ന റെക്കോഡ് സ്വന്തമാക്കിയത് - ശുഭ്മാൻ ഗിൽ
    - ➔ ഇംഗ്ലണ്ടിനെതിരായ ടെസ്റ്റ് ക്രിക്കറ്റിൽ 269 റൺസ് നേടിയാണ് ശുഭ്മാൻ ഗിൽ ഈ നേട്ടം സ്വന്തമാക്കിയത്.
    - ➔ ക്യാപ്റ്റനായിരിക്കെ ദക്ഷിണാഫ്രിക്കക്കെതിരെ 254 റൺസ് നേടിയ വിരാട് കോലിയുടെ റെക്കോഡാണ് ഗിൽ മറികടന്നത്.

- 2025 ൽ നടന്ന പ്രഥമ നീരജ് ചോപ്ര ക്ലാസിക് ജാവലിൻ ത്രോയിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ ഇന്ത്യൻ താരം - നീരജ് ചോപ്ര
    - ➔ കെനിയയുടെ ജൂലിയസ് യെഗോ രണ്ടാം സ്ഥാനവും ശ്രീലങ്കയുടെ റുമേഷ് പതിരംഗ മൂന്നാം സ്ഥാനവും കരസ്ഥമാക്കി.
    - ➔ ലോക അത്‌ലറ്റിക് ഫെഡറേഷൻ സംഘടിപ്പിച്ച നീരജ് ചോപ്ര ക്ലാസിക് ജാവലിൻ ത്രോയുടെ ആദ്യ പതിപ്പിന്റെ വേദി - ബെംഗളൂരു, കർണാടക

- ഒരു ടെസ്റ്റ് മത്സരത്തിൽ ഏറ്റവും കൂടുതൽ റൺസ് നേടുന്ന ഇന്ത്യൻ താരമെന്ന നേട്ടം സ്വന്തമാക്കിയ താരം - ശുഭ്മാൻ ഗിൽ
    - ➔ എജ്ബാസ്റ്റണിൽ ഇംഗ്ലണ്ടിനെതിരായ ടെസ്റ്റ് മത്സരത്തിൽ രണ്ട് ഇന്നിങ്സിലുമായി 430 റൺസ് സ്കോർ ചെയ്താണ് ശുഭ്മാൻ ഗിൽ ഈ നേട്ടം സ്വന്തമാക്കിയത്.
    - ➔ 1971-ൽ പോർട്ട് ഓഫ് സ്പെയിനിൽ വെസ്റ്റിൻഡീസിനെതിരേ സുനിൽ ഗാവസ്ക്കർ നേടിയ 344 റൺസിന്റെ റെക്കോഡാണ് ശുഭ്മാൻ ഗിൽ മറികടന്നത്.
    - ➔ മാത്രമല്ല ചരിത്രത്തിൽ ഒരു ടെസ്റ്റിൽ ഏറ്റവും കൂടുതൽ റൺസ് നേടിയ രണ്ടാമത്തെ താരമെന്ന നേട്ടവും ഗില്ലിന് സ്വന്തമായി. 1990 ഇന്ത്യയ്ക്കെതിരായ ടെസ്റ്റിൽ രണ്ട് ഇന്നിങ്സിലുമായി 456 റൺസ് നേടിയ ഗ്രഹാം ഗൂച്ചാണ് ഈ പട്ടികയിൽ മുന്നിൽ.

- ദക്ഷിണ കൊറിയയിലെ ഗിംചിയോണിൽ നടന്ന 2025 ലെ ഏഷ്യൻ ജൂനിയർ സ്‌ക്വാഷ് ചാമ്പ്യൻഷിപ്പിൽ അണ്ടർ 19 പെൺകുട്ടികളുടെ വിഭാഗത്തിൽ കിരീടം നേടിയ ഇന്ത്യൻ താരം - അനാഹത് സിംഗ്
  - ➔ ഫൈനലിൽ ഹോങ്കോങ് ചൈനയുടെ ച്യൂങ് ടിസിയെ പരാജയപ്പെടുത്തിയാണ് അനാഹത് സിംഗ് കിരീടം സ്വന്തമാക്കിയത്.

- ദക്ഷിണ കൊറിയയിലെ ഗിംചിയോണിൽ നടന്ന 2025 ലെ ഏഷ്യൻ ജൂനിയർ സ്‌ക്വാഷ് ചാമ്പ്യൻഷിപ്പിൽ അണ്ടർ 17 ആൺകുട്ടികളുടെ വിഭാഗത്തിൽ കിരീടം നേടിയ ഇന്ത്യൻ താരം - ആര്യവീർ ദേവൻ
  - ➔ ഫൈനലിൽ മലേഷ്യയുടെ നിഖിലേശ്വർ മൊഗണസുന്ദരത്തെ പരാജയപ്പെടുത്തിയാണ് ആര്യവീർ ദേവൻ കിരീടം സ്വന്തമാക്കിയത്.

- അണ്ടർ 19 ഏകദിനത്തിൽ ഏറ്റവും വേഗത്തിൽ സെഞ്ചുറി നേടിയ താരമെന്ന റെക്കോഡ് സ്വന്തമാക്കിയ ഇന്ത്യൻ താരം - വൈഭവ് സൂര്യവംശി
  - ➔ ഇംഗ്ലണ്ടിനെതിരായ ഏകദിന മത്സരത്തിൽ 52 പന്തിലാണ് വൈഭവ് സൂര്യവംശി സെഞ്ചുറി സ്വന്തമാക്കിയത്.

- കേരളത്തിലെ ആദ്യ സ്കിൻ ബാങ്ക് നിലവിൽ വന്നത് - തിരുവനന്തപുരം ഗവ. മെഡിക്കൽ കോളേജ്
  - ➔ ശരീരത്തിലെ പൊള്ളലേറ്റ ഭാഗങ്ങൾ മാറ്റിവെയ്ക്കുന്നതിനായി ദാതാക്കളിൽ നിന്ന് ശേഖരിക്കുന്ന ചർമം സൂക്ഷിക്കുന്ന ഇടമാണ് സ്കിൻ ബാങ്ക്.

- അമേരിക്കയിൽ നടന്ന 2025ലെ വേൾഡ് പോലീസ് ആൻഡ് ഫയർ ഗെയിംസിന്റെ മെഡൽ പട്ടികയിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കിയ രാജ്യം - ഇന്ത്യ
  - ➔ ടീം ഇന്ത്യ 280 സ്വർണ്ണ മെഡലുകൾ ഉൾപ്പെടെ ആകെ 588 മെഡലുകൾ നേടി.
  - ➔ മെഡൽ പട്ടികയിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയത് - യുഎസ്എ
  - ➔ മെഡൽ പട്ടികയിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയത് - ബ്രസീൽ

- 2025-ലെ ഫോർമുല വൺ ബ്രിട്ടീഷ് ഗ്രാൻഡ് പ്രിക്സ് കിരീട ജേതാവ് - ലാൻഡോ നോറിസ്

- വിംബിൾഡണിൽ 100 വിജയം പൂർത്തിയാക്കിയ രണ്ടാമത്തെ പുരുഷ താരം - നൊവാക്ക് ജോക്കോവിച്ച്
  - ➔ റോജർ ഫെഡറർ ആണ് വിംബിൾഡണിൽ 100 വിജയം പൂർത്തിയാക്കിയ ആദ്യത്തെ പുരുഷ താരം.

- 2025 ജൂലൈയിൽ നൂറു മീറ്റർ ഓട്ടത്തിൽ ദേശീയ റെക്കോഡ് സ്വന്തമാക്കിയ കായികതാരം - അനിമേഷ് കുജൂർ
  - ➔ ഗ്രീസിൽ നടന്ന വേൾഡ് അത്‌ലറ്റിക് കോണ്ടിനെന്റൽ ടൂറിലാണ് 10.18 സെക്കൻഡിൽ ഫിനിഷ് ചെയ്ത് അനിമേഷ് പുതിയ റെക്കോഡ് സ്വന്തമാക്കിയത്.

- 2025 ചമ്പക്കുളം മൂലം വള്ളം കളി ജേതാക്കൾ - ചെറുതന ചുണ്ടൻ
  - ➔ പള്ളാത്തുരുത്തി ബോട്ട് ക്ലബ്ബിന്റെ (എൻസിബിസി ബോട്ട് ക്ലബ്) ചെറുതന പുത്തൻ ചുണ്ടൻ രാജപ്രമുഖൻ ട്രോഫി നേടി.
  - ➔ തിരുവിതാംകൂർ രാജവംശത്തിന്റെ ഓർമയ്ക്കായി നൽകപ്പെടുന്നതാണ് ഈ പുരസ്കാരം.

➔ ചമ്പക്കുളം ചുണ്ടൻ രണ്ടാമതും ആയാപറമ്പ് വലിയദിവാൻജി മൂന്നാമതുമായി ഫിനിഷ് ചെയ്തു.

- 2025 ജൂലൈയിൽ ഇറ്റലിയിൽ നടന്ന വേൾഡ് അത്‌ലറ്റിക്സ് കോണ്ടിനെന്റൽ ടൂറിൽ വനിതകളുടെ ലോങ് ജംപിൽ വെങ്കലം നേടിയ മലയാളി അത്‌ലറ്റ് - ആൻസി സോജൻ

- ഫ്രീ സ്റ്റൈൽ ഗ്രാൻസ്ലാം ചെസ് ടൂറിൽ സെമിയിലെത്തിയ ആദ്യ ഇന്ത്യൻ താരം - അർജുൻ എരിഗാസി

- ചർച്ചിൽ ബ്രദേഴ്സിനെ ഐ-ലീഗ് ജേതാക്കളായി പ്രഖ്യാപിച്ച അഖിലേന്ത്യാ ഫുട്ബോൾ ഫെഡറേഷന്റെ അപ്പീൽ കമ്മിറ്റിയുടെ വിധി അന്താരാഷ്ട്ര കായിക തർക്കപരിഹാര കോടതി റദ്ദാക്കിയതിനെ തുടർന്ന് 2024-25 ഐ-ലീഗ് കിരീട ജേതാക്കളായത് - ഇന്റർ കാശി

- 2025 ജൂലൈയിൽ രാജ്യാന്തര ക്രിക്കറ്റിൽ നിന്നും വിരമിക്കൽ പ്രഖ്യാപിച്ച വെസ്റ്റ് ഇൻഡീസ് ഓൾറൗണ്ടർ - ആന്ദ്രേ റസ്സൽ

- 2025ലെ കേരള ക്രിക്കറ്റ് ലീഗിന്റെ ഔദ്യോഗിക ഭാഗ്യ ചിഹ്നങ്ങൾ - ബാറ്റേന്തിയ കൊമ്പൻ, മലമുഴക്കി വേഴാമ്പൽ, ചാക്യാർ

- പോർച്ചുഗലിലെ മായിയയിൽ നടന്ന അത്‌ലറ്റിക് മീറ്റിൽ ലോങ്ജംപിൽ സ്വർണമെഡൽ കരസ്ഥമാക്കിയ മലയാളി താരം - എം.ശ്രീശങ്കർ

- ഫിഡെ വനിതാ ചെസ് ലോകകപ്പിന്റെ സെമിഫൈനലിൽ എത്തിയ ആദ്യ ഇന്ത്യൻ വനിത - കൊനേരു ഹംപി
  - ➔ 2025ലെ ഫിഡെ വനിതാ ചെസ് ലോകകപ്പിലാണ് കൊനേരു ഹംപി ഈ നേട്ടം സ്വന്തമാക്കിയത്.

- 2025 ജൂലൈയിൽ അന്താരാഷ്ട്ര ഫുട്ബോളിൽ നിന്ന് വിരമിച്ച ഇന്ത്യൻ വനിതാ ടീം ഗോൾകീപ്പർ - അതിഥി ചൗഹാൻ
  - ➔ 2008ൽ ഇന്ത്യൻ അണ്ടർ 19 ടീമിലൂടെ പ്രഫഷനൽ ഫുട്ബോളിൽ അരങ്ങേറിയ അതിഥി, 17 വർഷം ദേശീയ ടീമിന്റെ ഭാഗമായി.
  - ➔ ഇന്ത്യയ്ക്കായി 57 മത്സരങ്ങൾ കളിച്ചു.
  - ➔ ഇംഗ്ലീഷ് ടീമായ വെസ്റ്റ് ഹാം യുണൈറ്റഡിനെ പ്രതിനിധീകരിച്ച് യൂറോപ്പിൽ ക്ലബ് ഫുട്ബോൾ കളിച്ച ആദ്യ ഇന്ത്യൻ വനിതയാണ് അതിഥി ചൗഹാൻ.

- 2025ലെ ഫിഡെ ചെസ് ലോകകപ്പിന് ആതിഥേയത്വം വഹിക്കുന്ന രാജ്യം - ഇന്ത്യ

- ഫിഡെ വനിതാ ചെസ് ലോകകപ്പിന്റെ ഫൈനലിൽ എത്തിയ ആദ്യ ഇന്ത്യൻ വനിത - ദിവ്യ ദേശ്മുഖ്
  - ➔ 2025ലെ ഫിഡെ വനിതാ ചെസ് ലോകകപ്പിലാണ് ദിവ്യ ദേശ്മുഖ് ഈ നേട്ടം സ്വന്തമാക്കിയത്.

- 2025 ലെ ഐ.ബി.എസ്.എഫ് വേൾഡ് 6-റെഡ് സ്നൂക്കർ ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ പങ്കജ് അദ്വാനിയെ പരാജയപ്പെടുത്തി കിരീടം സ്വന്തമാക്കിയ യുവ വെൽഷ് താരം - റിലി പവൽ

- 2025 ലെ ഫിഡെ വനിതാ ചെസ് ലോകകപ്പിന്റെ ഫൈനലിൽ എത്തിയ ഇന്ത്യൻ വനിതകൾ - ദിവ്യ ദേശ്മുഖ്, കൊനേരു ഹംപി

- ഫിഡെ വനിതാ ചെസ് ലോകകപ്പിന്റെ ഫൈനലിൽ എത്തിയ ആദ്യ ഇന്ത്യൻ വനിതയാണ് ദിവ്യ ദേശ്മുഖ്.
- ഫിഡെ വനിതാ ചെസ് ലോകകപ്പിന്റെ സെമിഫൈനലിൽ എത്തിയ ആദ്യ ഇന്ത്യൻ വനിതയാണ് കൊനേരു ഹംപി.

- ജർമ്മനിയിൽ നടന്ന 2025 ലെ ലോക യൂണിവേഴ്സിറ്റി അത്‌ലറ്റിക് മീറ്റിൽ വനിതകളുടെ 3000 മീറ്റർ സ്റ്റീപ്പിൾചേസിൽ വെള്ളിമെഡൽ സ്വന്തമാക്കിയ ഇന്ത്യൻ അത്‌ലറ്റ് - അങ്കിത ധ്യാനി

- ഈജിപ്തിലെ കെയ്റോയിൽ നടന്ന 2025 ലെ ലോക ജൂനിയർ സ്ക്വാഷ് ചാമ്പ്യൻഷിപ്പിലെ വനിതാ സിംഗിൾസിൽ വെങ്കല മെഡൽ നേടിയ ഇന്ത്യൻ താരം - അനാഹത് സിംഗ്

- ക്യാപ്റ്റനെന്ന നിലയിലുള്ള തന്റെ അരങ്ങേറ്റ ടെസ്റ്റ് പരമ്പരയിൽ നാല് സെഞ്ചുറികൾ നേടുന്ന ആദ്യ ബാറ്റ്സ്മാനെന്ന നേട്ടം സ്വന്തമാക്കിയത് - ശുഭ്മാൻ ഗിൽ

- 2025-ലെ ഫോർമുല വൺ ബെൽജിയം ഗ്രാൻഡ് പ്രിക്സ് കിരീട ജേതാവ് - ഓസ്കർ പിയാസ്ട്രി

# സാഹിത്യം

- 'അടിയന്തരാവസ്ഥ ഇരുട്ടിന്റെ നിലവിളികൾ' എന്ന പുസ്തകത്തിന്റെ രചയിതാവ് - പി. എസ്. ശ്രീധരൻ പിള്ള

- പി.കേശവദേവ് സ്മാരക ട്രസ്റ്റിന്റെ 21-ാമത് കേശവദേവ് സാഹിത്യപുരസ്കാരത്തിന് അർഹനായത് - ശശി തരൂർ

- 'വൈ ഐ ആം ഹിന്ദു', 'ദി ബാറ്റിൽ ഓഫ് ബിലോങിങ്' തുടങ്ങിയ പുസ്തകങ്ങളെ മുൻനിർത്തിയാണ് ശശി തരൂരിന് അവാർഡ്.
- ആരോഗ്യമേഖലയ്ക്കുള്ള പി. കേശവദേവ് ഡയാബസ്ക്രീൻ കേരള പുരസ്കാരത്തിന് അർഹനായത് - ഡോ. ബൻഷി സാബു
- പി. കേശവദേവ് ട്രസ്റ്റിന്റെ 20-ാമത് പി. കേശവദേവ് സാഹിത്യ പുരസ്കാരത്തിന് അർഹനായത് - അടൂർ ഗോപാലകൃഷ്ണൻ

- 2025-ലെ ചിന്ത രവീന്ദ്രൻ പുരസ്കാരത്തിന് അർഹനായ മറാത്തി എഴുത്തുകാരനും നിരൂപകനുമായ വ്യക്തി - ശരൺകുമാർ ലിംബാളെ

- 'Enlightened Leadership' എന്ന പുസ്തകത്തിന്റെ രചയിതാവ് - ഷെറിങ് ടോബ്ഗേ (ഭൂട്ടാൻ പ്രധാനമന്ത്രി)

- സരള സാഹിത്യ സൻസദ് നൽകുന്ന 2024 ലെ കലിംഗ രത്ന പുരസ്കാരത്തിന് അർഹനായത് - ധർമ്മേന്ദ്ര പ്രധാൻ (കേന്ദ്ര വിദ്യാഭ്യാസ മന്ത്രി)
  - സരള മഹാഭാരതം, വിലങ്ക രാമായണം, ചാണ്ഡി പുരാണം എന്നിവ രചിച്ച 15-ാം നൂറ്റാണ്ടിലെ ഒഡിയ കവിയും പണ്ഡിതനുമായ വ്യക്തിയാണ് സരള ദാസ. അദ്ദേഹത്തിന്റെ ഓർമ്മയ്ക്കായാണ് പുരസ്കാരം നൽകുന്നത്.

- 2025 ൽ പെൻ ട്രാൻസ്ലേറ്റ്സ് പുരസ്കാരം നേടിയ ഇന്ത്യൻ സാഹിത്യകാരി - ഗീതാഞ്ജലി ശ്രീ
  - ഗീതാഞ്ജലി ശ്രീയുടെ 'Once Elephants Lived Here' എന്ന പുസ്തകത്തിനാണ് പുരസ്കാരം.

- ഡെയ്സി റോക്ക്വെൽ ആണ് ഹിന്ദിയിൽ നിന്ന് ഇംഗ്ലീഷിലേക്ക് പുസ്തകം വിവർത്തനം ചെയ്തത്.
- ലണ്ടൻ ആസ്ഥാനമായുള്ള മനുഷ്യാവകാശ, സാഹിത്യ സംഘടനയായ ഇംഗ്ലീഷ് പെൻ ആണ് പുരസ്കാരം നൽകുന്നത്.

- 2025 ലെ ബുക്കർ സമ്മാനത്തിനുള്ള ആദ്യപട്ടികയിൽ ഇടംപിടിച്ച ഇന്ത്യൻവംശജ കിരൺ ദേശായിയുടെ നോവൽ - ദ ലോൺലിനസ് ഓഫ് സോണിയ ആൻഡ് സണ്ണി
  - 2006-ൽ 'ദ ഇൻഹെറിറ്റൻസ് ഓഫ് ലോസ്' എന്ന നോവലിന് കിരണിന് ബുക്കർ സമ്മാനം ലഭിച്ചിരുന്നു.

# മറ്റ് പുരസ്കാരങ്ങൾ

- ഹോളിവുഡ് ചേംബർ ഓഫ് കോമേഴ്സ് നൽകുന്ന 'star on Hollywood Walk of Fame' അംഗീകാരം നേടിയ ആദ്യ ഇന്ത്യൻ ചലച്ചിത്ര നടി - ദീപിക പദുക്കോൺ

- 2025 ജൂലൈയിൽ നമീബിയയുടെ പരമോന്നത സിവിലിയൻ ബഹുമതിയായ 'ഓർഡർ ഓഫ് ദി മോസ്റ്റ് ഏൻഷ്യന്റ് വെൽവിച്ചിയ മിറാബിലിസ്' ലഭിച്ച ഇന്ത്യൻ പ്രധാനമന്ത്രി - നരേന്ദ്ര മോദി

- പോളിഗ്രാസ് മാജിക് സ്കിൽ അവാർഡ് നേടുന്ന ആദ്യ ഇന്ത്യൻ വനിതാ ഹോക്കി താരം - ദീപിക സെഹ്റാവത്ത്
  - എഫ്ഐഎച്ച് ഹോക്കി പ്രോ ലീഗിൽ നെതർലൻഡ്സിനെതിരെ നേടിയ ഗോളിനാണ് ഇന്ത്യൻ വനിതാ ഹോക്കി ഫോർവേഡ് ദീപിക 2024-25 ലെ പോളിഗ്രാസ് മാജിക് സ്കിൽ അവാർഡിന് അർഹയായത്.

- മജീഷ്യൻമാർക്കുള്ള ഓസ്കാർ എന്നറിയപ്പെടുന്ന ലോക മാജിക് ചാമ്പ്യൻഷിപ്പിൽ 'ബെസ്റ്റ് മാജിക് ക്രിയേറ്റർ' പുരസ്കാരം നേടിയ ആദ്യ ഇന്ത്യൻ വനിതാ മെന്റലിസ്റ്റ് - സുഹാനി ഷാ

- സ്വാതന്ത്ര്യസമരസേനാനി ലോകമാന്യ ബാലഗംഗാധര തിലകന്റെ ഓർമ്മയ്ക്കായി തിലക് സ്മാരക് മന്ദിർ ട്രസ്റ്റ് നൽകുന്ന 2025ലെ  ലോകമാന്യ തിലക് ദേശീയ പുരസ്കാരത്തിന് അർഹനായത് - നിതിൻ ഗഡ്കരി (കേന്ദ്ര റോഡ് ഗതാഗത, ഹൈവേ മന്ത്രി)
  - ➔ 2024 ലെ ലോകമാന്യതിലക് ദേശീയ പുരസ്കാരത്തിന് അർഹയായത് - സുധാമൂർത്തി

# ശാസ്ത്ര സാങ്കേതിക മേഖല

- യാത്രക്കാരെ വഹിച്ച് വിജയകരമായി പറന്ന ലോകത്തിലെ ആദ്യത്തെ വൈദ്യുത (ഓൾ-ഇലക്ട്രിക്) വിമാനം - അലിയ സി എക്സ് 300
  - ➔ യുഎസിലെ ഈസ്റ്റ് ഹാംപ്ടണിൽ നിന്ന് ജോൺ എഫ് കെന്നഡി വിമാനത്താവളത്തിലേക്കായിരുന്നു ആദ്യ യാത്ര. നാല് യാത്രക്കാരാണ് വിമാനത്തിൽ ഉണ്ടായിരുന്നത്.
  - ➔ ബീറ്റ ടെക്നോളജീസ് ആണ് വിമാനത്തിന്റെ നിർമ്മാതാക്കൾ.

- 2025 ജൂലൈയിൽ കമ്മീഷൻ ചെയ്ത നാവികസേനയുടെ പുതിയ യുദ്ധക്കപ്പൽ - ഐഎൻഎസ് തമാൽ
  - ➔ റഷ്യയിലെ കലിനിൻഗ്രാഡിലുള്ള യാന്തർ കപ്പൽശാലയിലായിരുന്നു ഐഎൻഎസ് തമാലിന്റെ നിർമ്മാണം.
  - ➔ തൽവാർ ക്ലാസിലെ എട്ടാമത്തെ കപ്പലാണിത്.

- ഇന്ത്യൻ റെയിൽവേയുടെ എല്ലാ സേവനങ്ങളും ഒറ്റ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കുന്നതിനായി ഇന്ത്യൻ റെയിൽവേ അവതരിപ്പിച്ച പുതിയ ആപ്ലിക്കേഷൻ - റെയിൽ വൺ
    - ➔ ടിക്കറ്റ് ബുക്കിങ്, പിഎൻആർ, പ്ലാറ്റ്ഫോം ടിക്കറ്റുകൾ, ട്രെയിൻ ട്രാക്കിങ്ങ് എന്നിവയ്ക്ക് പുറമെ കോച്ചിന്റെ സ്ഥാനം കണ്ടെത്തൽ, യാത്രാ ഫീഡ്ബാക്ക്, ഭക്ഷണം എന്നീ യാത്രാ സേവനങ്ങളെല്ലാം പുതിയ റെയിൽവൺ ആപ്പിൽ ലഭ്യമാക്കും.

- പ്രോജക്ട് 17 എ ശ്രേണിയിലുള്ള രണ്ടാമത്തെ കപ്പൽ - ഐഎൻഎസ് ഉദയഗിരി
    - ➔ മുംബൈയിലെ മസഗോൺ ഡോക്ക് ഷിപ്പ് ബിൽഡേഴ്സ് ലിമിറ്റഡ് (MDL) ആണ് കപ്പൽ നിർമ്മിച്ചത്.
    - ➔ ആന്ധ്രാപ്രദേശിലെ മലനിരകളുടെ പേരാണ് ഉദയഗിരി എന്ന കപ്പലിനു നൽകിയിരിക്കുന്നത്.
    - ➔ പ്രോജക്ട് 17 എ ശ്രേണിയിലുള്ള ആദ്യത്തെ കപ്പലാണ് ഐഎൻഎസ് നീലഗിരി.

- പ്രോജക്ട് 15 ബി ശ്രേണിയിലുള്ള നാലാമത്തെ കപ്പൽ - ഐഎൻഎസ് സൂറത്ത്
    - ➔ മുംബൈയിലെ മസഗോൺ ഡോക്ക് ഷിപ്പ് ബിൽഡേഴ്സ് ലിമിറ്റഡ് (MDL) ആണ് കപ്പൽ നിർമ്മിച്ചത്.
    - ➔ ഗുജറാത്തിന്റെ വാണിജ്യതലസ്ഥാനത്തിന്റെ പേരിൽ നിന്നാണ് കപ്പലിനു പേരു കണ്ടെത്തിയിരിക്കുന്നത്.

- വെള്ളപ്പൊക്കം സംബന്ധിച്ച മുന്നറിയിപ്പ് രണ്ട് ദിവസം മുൻപേ നൽകാൻ കഴിയുന്ന, കേന്ദ്ര സർക്കാർ അവതരിപ്പിച്ച വെബ് അടിസ്ഥാനമാക്കിയ പ്ലാറ്റ്ഫോം - സി-ഫ്ലഡ്
    - ➔ പൂനെയിലെ സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് അഡ്വാൻസ്ഡ് കമ്പ്യൂട്ടിംഗ് (സി-ഡിഎസി), കേന്ദ്ര ജല കമ്മീഷൻ (സിഡബ്ല്യുസി), ജലവിഭവ വകുപ്പ്, നദീ

വികസനം & ഗംഗാ പുനരുജ്ജീവനം (ഡിഒഡബ്ല്യുആർ, ആർഡി & ജിആർ), ജലശക്തി മന്ത്രാലയം എന്നിവ സഹകരിച്ച് വികസിപ്പിച്ചെടുത്ത ഏകീകൃത വെള്ളപ്പൊക്ക പ്രവചന സംവിധാനമാണ് സി-ഫ്ലഡ്.

- തിരുവനന്തപുരം സ്മാർട്ട് സിറ്റി പരിസരങ്ങളിൽ മാലിന്യം വലിച്ചെറിയുന്നതിനെ കണ്ടെത്താനും, തുടർന്നുള്ള നടപടികൾ സ്വീകരിക്കുവാനുമായി നിർമ്മിച്ച ആർട്ടിഫിഷ്യൽ ഇന്റലിജിൻസ് സിസ്റ്റം - ശുചിത്വ ഐ
  - ➔ എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജിയുടെ കീഴിലുള്ള കാസർകോട് എൽ.ബി.എസ് എഞ്ചിനീയറിംഗ് കോളേജും പൂജപ്പുര എൽ.ബി.എസ് വിമൻസ് കോളേജും സംയുക്തമായാണ് ശുചിത്വ ഐ വികസിപ്പിച്ചത്.

- ആഴക്കടൽ ഡൈവിങ്ങും രക്ഷാപ്രവർത്തനങ്ങളും നടത്താൻ കഴിവുള്ള ഇന്ത്യയിലെ ആദ്യത്തെ തദ്ദേശീയമായി നിർമ്മിച്ച ഡൈവിങ് സപ്പോർട്ട് കപ്പൽ - ഐഎൻഎസ് നിസ്റ്റാർ
  - ➔ വിശാഖപട്ടണത്തെ ഹിന്ദുസ്ഥാൻ ഷിപ്പ്‌യാർഡ് ലിമിറ്റഡ് (എച്ച്എസ്എൽ) ആണ് കപ്പൽ നിർമ്മിച്ചത്.

- 2025 ജൂലൈയിൽ 'ഡ്രോർ 1' എന്ന ജിയോസ്റ്റേഷനറി ഉപഗ്രഹം വിക്ഷേപിച്ച രാജ്യം - ഇസ്രായേൽ
  - ➔ കേപ് കനാവറലിൽ നിന്ന് സ്പേസ് എക്സ് ഫാൽക്കൺ 9 റോക്കറ്റിലാണ് വിക്ഷേപണം നടന്നത്.

- ഗോവ ഷിപ്പ്‌യാർഡ് ലിമിറ്റഡ് (ജിഎസ്എൽ) നിർമ്മിച്ച രണ്ടാമത്തെയും അവസാനത്തെയും തദ്ദേശീയ മലിനീകരണ നിയന്ത്രണ കപ്പൽ - സമുദ്ര പ്രാചേത്

- ➔ ഇന്ത്യൻ കോസ്റ്റ് ഗാർഡിനായി ഗോവ ഷിപ്പ്‌യാർഡ് നിർമ്മിച്ച ആദ്യത്തെ തദ്ദേശീയ മലിനീകരണ നിയന്ത്രണ കപ്പലാണ് സമുദ്ര പ്രതാപ്.

- ഭൂമിയുടെ കാന്തിക കവചത്തെക്കുറിച്ച് പഠിക്കാനുള്ള നാസയുടെ ദൗത്യം - ട്രേസേഴ്സ്
  - ➔ TRACERS (Tandem Reconnection and Cusp Electrodynamics Reconnaissance Satellites)
  - ➔ 2025ജൂലൈയിൽ കാലിഫോർണിയയിലെ വാൻഡൻബർഗ് സ്‌പേസ് ഫോഴ്സ് സ്റ്റേഷനിലെ സ്‌പേസ് ലോഞ്ച് കോംപ്ലക്സ് 4 ഈസ്റ്റിൽ നിന്ന് സ്‌പേസ് എക്സ് ഫാൽക്കൺ 9 റോക്കറ്റിലാണ് ദൗത്യം വിജയകരമായി വിക്ഷേപിച്ചത്.

- 2025 -ൽ ഇന്ത്യൻ സേനയിൽ നിന്ന് വിരമിക്കുന്ന യുദ്ധവിമാനം - മിഗ് 21
  - ➔ 1963-ൽ ആദ്യമായി ഉൾപ്പെടുത്തിയ മിഗ്-21 ഇന്ത്യയുടെ ആദ്യത്തെ സൂപ്പർസോണിക് ജെറ്റാണ്.

- നഹിദ്-2 എന്ന ടെലികമ്മ്യൂണിക്കേഷൻ, ഗവേഷണ ഉപഗ്രഹം വിക്ഷേപിച്ച രാജ്യം - ഇറാൻ

# കേരളം - പദ്ധതികൾ

- സ്വകാര്യ ഭൂമിയിൽ വൃക്ഷത്തൈകൾ നട്ടുവളർത്തൽ പ്രോത്സാഹിപ്പിക്കുന്ന കേരള വനം വകുപ്പിന്റെ പദ്ധതി - ട്രീ ബാങ്കിങ്
  - ➔ സ്വകാര്യ ഭൂമികളിൽ മരങ്ങൾ നടുന്നത് പ്രോത്സാഹിപ്പിച്ച് കാർബൺ ബഹിർഗമനം കുറച്ച് പരിസ്ഥിതി സുസ്ഥിരത പ്രോത്സാഹിപ്പിക്കുകയാണ് ലക്ഷ്യം.

- കേന്ദ്രസർക്കാരിന്റെ ഭരണപരിഷ്ക്കരണ വകുപ്പ് നടപ്പാക്കുന്ന സംസ്ഥാന സഹകരണ സംരംഭ പദ്ധതിയ്ക്ക് (State Collaberative Initiative) കീഴിലെ 11 ഇനങ്ങളിൽ ഒന്നാമതായി ഇടം പിടിച്ച കേരളത്തിന്റെ പദ്ധതി - ഡിജിറ്റൽ റവന്യൂ കാർഡ് പദ്ധതി
    - റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട വിവിധ സേവനങ്ങൾ ഒരു പ്ലാറ്റ്ഫോമിൽ സമാഹരിച്ച് പൊതുജനങ്ങൾക്ക് സൗകര്യപ്രദമായി ലഭ്യമാക്കുന്നതിനുള്ള സംവിധാനമാണ് ഡിജിറ്റൽ റവന്യൂ കാർഡ്.
    - ഒരു എടിഎം കാർഡിന്റെ മാതൃകയിൽ ചിപ്പും QR കോഡും യൂണിക് നമ്പരും ഉൾപ്പെടുന്ന ഡിജിറ്റൽ റവന്യൂ കാർഡിൽ വ്യക്തിഗത വിവരങ്ങളും ഭൂമി സംബന്ധമായ വിവരങ്ങളും ലഭ്യമാകും.

# നിയമനങ്ങൾ

- സെൻട്രൽ ബോർഡ് ഓഫ് ഡയറക്ട് ടാക്സസ് (CBDT) ചെയർമാനായി രണ്ടാമതും നിയമിതനായത് - രവി അഗർവാൾ

- 2025 ജൂലൈയിൽ പുതിയ കേരള പോലീസ് മേധാവിയായി നിയമിതനായത് - റവാഡ എ. ചന്ദ്രശേഖർ

- 2025 ജൂലൈയിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ (ആർബിഐ) പുതിയ എക്സിക്യൂട്ടീവ് ഡയറക്ടറായി നിയമിതനായത് - കേശവൻ രാമചന്ദ്രൻ

- അന്താരാഷ്ട്ര ക്രിക്കറ്റ് കൗൺസിലിന്റെ (ഐസിസി) പുതിയ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി നിയമിതനായ ഇന്ത്യക്കാരൻ - സൻജോഗ് ഗുപ്ത

- 2025 ജൂലൈയിൽ സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യയുടെ (സെബി) പുതിയ എക്സിക്യൂട്ടീവ് ഡയറക്ടറായി നിയമിതനായത് - സുനിൽ ജയവന്ത് കദം

- 2025 ജൂലൈയിൽ എയർ ഹെഡ്ക്വാർട്ടേഴ്സിൽ എയർ ഓഫീസർ-ഇൻ-ചാർജ് അഡ്മിനിസ്ട്രേഷൻ (AOA) ആയി നിയമിതനായ മലയാളി - എയർ മാർഷൽ എസ്. ശിവകുമാർ

- ഖോ ഖോ ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ പ്രസിഡന്റ് ആയി വീണ്ടും തിരഞ്ഞെടുക്കപ്പെട്ടത് - സുധാൻഷു മിത്തൽ

- കോമൺവെൽത്ത് യൂത്ത് പീസ് അംബാസഡേഴ്സ് നെറ്റ്‌വർക്ക് (CYPAN) എക്സിക്യൂട്ടീവ് കമ്മിറ്റിയിലെ നേതൃസ്ഥാനമായ കോമൺവെൽത്ത് യൂത്ത് പീസ് അംബാസഡറായി തിരഞ്ഞെടുക്കപ്പെട്ട ഇന്ത്യക്കാരി - സുകന്യ സോനോവാൾ
  - ➔ 2025–2027 കാലയളവിൽ കമ്മ്യൂണിക്കേഷൻസ് ആൻഡ് പബ്ലിക് റിലേഷൻസിന്റെ ലീഡായി അവർ സേവനമനുഷ്ഠിക്കും.
  - ➔ 56 കോമൺവെൽത്ത് രാജ്യങ്ങളിൽ സജീവമായി പ്രവർത്തിക്കുന്ന യുവാക്കൾ നയിക്കുന്ന ഒരു സംരംഭമാണ് കോമൺവെൽത്ത് യൂത്ത് പീസ് അംബാസഡേഴ്സ് നെറ്റ്‌വർക്ക് (CYPAN).

- ആപ്പിളിന്റെ പുതിയ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ ആയി നിയമിതനായ ഇന്ത്യൻ വംശജൻ - സാബിഹ് ഖാൻ

- 2025 ജൂലൈയിൽ ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും മാനേജിങ് ഡയറക്ടറും ആയി നിയമിതനായത് - ആർ. ദൊരൈസ്വാമി

- 2025 ജൂലൈയിൽ ഗോവയുടെ പുതിയ ഗവർണർ ആയി നിയമിതനായത് - പുസപതി അശോക് ഗജപതി രാജു

- 2025 ജൂലൈയിൽ ഹരിയാനയുടെ പുതിയ ഗവർണർ ആയി നിയമിതനായത് - പ്രൊഫ. ആഷിം കുമാർ ഘോഷ്

- 2025 ജൂലൈയിൽ ലഡാക്കിലെ പുതിയ ലെഫ്റ്റനന്റ് ഗവർണർ ആയി നിയമിതനായത് - കവീന്ദർ ഗുപ്ത

- 2025 ജൂലൈയിൽ നാഷണൽ ഫിനാൻഷ്യൽ റിപ്പോർട്ടിങ് അതോറിറ്റിയുടെ പുതിയ ചെയർപേഴ്സണായി നിയമിതനായത് - നിതിൻ ഗുപ്ത

- 2025 ജൂലൈയിൽ നീതി ആയോഗിന് കീഴിലുള്ള അടൽ ഇന്നൊവേഷൻ മിഷന്റെ (എ.ഐ.എം) പുതിയ ഡയറക്ടറായി നിയമിതനായത് - ദീപക് ബാഗ്ല

- 2025 ജൂലൈയിൽ ഇൻഷുറൻസ് റെഗുലേറ്ററി ആൻഡ് ഡെവലപ്മെന്റ് അതോറിറ്റി ഓഫ് ഇന്ത്യ (IRDAI) യുടെ ചെയർമാനായി നിയമിതനായ മുൻ ധനകാര്യ സെക്രട്ടറി - അജയ് സേത്ത്

- ഹിന്ദുസ്ഥാൻ യുണിലിവറിന്റെ ആദ്യ വനിതാ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും മാനേജിങ് ഡയറക്ടറും ആയി നിയമിതയായ മലയാളി - പ്രിയ നായർ

- ഇഗ്നോയുടെ (IGNOU) ആദ്യ വനിതാ വൈസ് ചാൻസലറായി നിയമിതയായത് - പ്രൊഫ. ഉമ കാഞ്ചിലാൽ

- 2025 ജൂലൈയിൽ സൻസദ് ടിവിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (സിഇഒ) ആയി നിയമിതനായത് - ഉത്പൽ കുമാർ സിംഗ്
    - ➔ ഇന്ത്യൻ പാർലമെന്റിന്റെ ഇരുസഭകളുടെയും നടപടിക്രമങ്ങളും മറ്റ് പൊതുകാര്യ പരിപാടികളും സംപ്രേഷണം ചെയ്യുന്ന ഒരു ഇന്ത്യൻ സർക്കാർ ടെലിവിഷൻ ചാനലാണ് സൻസദ് ടിവി.
    - ➔ ലോക്സഭാ ടിവിയും രാജ്യസഭാ ടിവിയും സംയോജിപ്പിച്ചാണ് 2021 മാർച്ചിൽ സൻസദ് ടിവി രൂപീകരിച്ചത്.

# വിയോഗം

- 2025 ജൂലൈയിൽ കാറപകടത്തിൽ അന്തരിച്ച പോർച്ചുഗീസ് ഫുട്ബോൾ താരം - ദിയോഗോ ജോട്ട

- 2025 ജൂലൈയിൽ അന്തരിച്ച പ്രശസ്ത ദക്ഷിണേന്ത്യൻ നടി - ബി. സരോജ ദേവി
    - ➔ മഹാകവി കാളിദാസ എന്ന ചിത്രമാണ് സരോജ ദേവി ആദ്യമായി അഭിനയിച്ച ചിത്രം.
    - ➔ കന്നഡ, തമിഴ്, തെലുങ്ക്, ഹിന്ദി എന്നീ ഭാഷകളിൽ 200 -ലധികം സിനിമകളിൽ അഭിനയിച്ചിട്ടുണ്ട്.
    - ➔ കന്നഡയിൽ 'അഭിനയ സരസ്വതി'യെന്നും തമിഴിൽ 'കന്നഡത്തു പൈങ്കിളി' എന്നുമായിരുന്നു സരോജാ ദേവി അറിയപ്പെട്ടത്.
    - ➔ തമിഴ്നാട് സർക്കാരിന്റെ ആജീവനാന്ത പുരസ്കാരമായ കലൈമാമണി 2010-ൽ ലഭിച്ചു.

- 1969-ൽ പത്മശ്രീയും, 1992-ൽ പത്മഭൂഷണും (1992) നൽകി രാജ്യം സരോജാ ദേവിയെ ആദരിച്ചു.

- 2025 ജൂലൈയിൽ അന്തരിച്ച പ്രശസ്ത തെലുങ്ക് ചലച്ചിത്ര നടൻ - കോട്ട ശ്രീനിവാസ റാവു
  - 1978-ൽ പ്രണം ഖരീദു ആണ് അദ്ദേഹം അഭിനയിച്ച ആദ്യ ചിത്രം.
  - തെലുങ്കിന് പുറമെ തമിഴ്, ഹിന്ദി, കന്നഡ, മലയാളം ചിത്രങ്ങളിലും ശ്രീനിവാസ റാവു അഭിനയിച്ചു.
  - അദ്ദേഹം അഭിനയിച്ച മലയാള ചിത്രമാണ് ജയരാജ് സംവിധാനം ചെയ്ത് 2011-ൽ പുറത്തിറങ്ങിയ ദി ട്രെയിൻ.
  - രാഷ്ട്രീയക്കാരൻ കൂടിയായിരുന്ന കോട്ട ശ്രീനിവാസ റാവു 1999 മുതൽ 2004 വരെ ആന്ധ്രപ്രദേശിലെ വിജയവാഡ ഈസ്റ്റ് മണ്ഡലത്തിൽ നിന്നുള്ള എംഎൽഎയായിരുന്നു.
  - 2015-ൽ രാജ്യം പത്മശ്രീ നൽകി അദ്ദേഹത്തെ ആദരിച്ചു.

- 2025 ജൂലൈയിൽ അന്തരിച്ച പ്രശസ്ത ഡബ്ല്യുഡബ്ല്യുഇ റസ്‌ലിംഗ് താരം - ഹൾക്ക് ഹോഗൻ
  - ടെറി ജീൻ ബോളിയ എന്നാണ് യഥാർത്ഥ പേര്.

- 2025 ജൂലൈയിൽ അന്തരിച്ച ബ്രിട്ടനിലെ പ്രശസ്ത ജാസ് ഗായിക - ഡാം ക്ലിയോ ലെയ്ൻ
  - 1986-ൽ ക്ലിയോ അറ്റ് കാർണഗീ: ദി ടെൻത്ത് ആനിവേഴ്സറി കൺസേർട്ട് (1985) എന്ന ആൽബത്തിന് മികച്ച വനിതാ ജാസ് വോക്കൽ പ്രകടനത്തിനുള്ള ഗ്രാമി ലഭിച്ചു.
  - ആത്മകഥകൾ - ക്ലിയോ, യു ക്യാൻ സിംഗ് ഇഫ് യു വാണ്ട് ടു

# സൈനികാഭ്യാസം

- ഇന്ത്യ ആദ്യമായി പങ്കെടുത്ത ഓസ്ട്രേലിയയിലെ ഏറ്റവും വലിയ സൈനികാഭ്യാസം - ടാലിസ്മാൻ സാബർ

- ഇന്ത്യയും സിംഗപ്പൂരും തമ്മിലുള്ള സംയുക്ത സൈനികാഭ്യാസമായ എക്സർസൈസ് ബോൾഡ് കുരുക്ഷേത്രയുടെ 14-ാമത് പതിപ്പിന്റെ വേദി - ജോധ്പൂർ, രാജസ്ഥാൻ

# റാങ്കിംഗ്

- 2025 ൽ ലോകബാങ്ക് പ്രസിദ്ധീകരിച്ച ഗിനി സൂചിക പ്രകാരം വരുമാനത്തിന്റെ കാര്യത്തിൽ ആഗോള തലത്തിൽ ഏറ്റവും തുല്യതയുള്ള രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യയുടെ റാങ്ക് - 4
  - ഒന്നാം റാങ്ക് - സ്ലോവാക്യ
  - രണ്ടാം റാങ്ക് - സ്ലോവേനിയ
  - മൂന്നാം റാങ്ക് - ബെലാറസ്
  - ഒരു സമ്പദ്വ്യവസ്ഥയിലെ വ്യക്തികൾക്കോ കുടുംബങ്ങൾക്കോ ഇടയിലുള്ള വരുമാനത്തിന്റെയോ ഉപഭോഗത്തിന്റെയോ വിതരണം തികച്ചും തുല്യമായ വിതരണത്തിൽ നിന്ന് എത്രത്തോളം വ്യതിചലിക്കുന്നുവെന്ന് ഗിനി സൂചിക അളക്കുന്നു. ലളിതമായി പറഞ്ഞാൽ, ഒരു രാജ്യത്തിനുള്ളിൽ വരുമാനം എത്രത്തോളം തുല്യമായി വിതരണം ചെയ്യപ്പെടുന്നുവെന്ന് ഇത് വ്യക്തമായ ഒരു ചിത്രം നൽകുന്നു.
  - സൂചിക അനുസരിച്ച് ഇന്ത്യയുടെ സ്കോർ 25.5 ആണ്.

# വേദികൾ

- പ്രഥമ ഖേലോ ഇന്ത്യ വാട്ടർ സ്പോർട്സ് ഫെസ്റ്റിവലിന്റെ വേദി - ശ്രീനഗർ
  - ➔ ശ്രീനഗറിലെ ദാൽ തടാകത്തിലാണ് ഖേലോ ഇന്ത്യ വാട്ടർ സ്പോർട്സ് ഫെസ്റ്റിവലിന്റെ ഭാഗമായുള്ള മത്സരങ്ങൾ നടക്കുന്നത്.
  - ➔ മൂന്ന് ദിവസത്തെ ഖേലോ ഇന്ത്യ വാട്ടർ സ്പോർട്സ് ഫെസ്റ്റിവലിൽ കയാക്കിംഗ്, കനോയിംഗ്, റോയിംഗ്, വാട്ടർ സ്കീയിംഗ്, ഷിക്കാര റേസ്, ഡ്രാഗൺ ബോട്ട് എന്നിങ്ങനെ അഞ്ച് കായിക ഇനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

- കേരള ടൂറിസം വകുപ്പ് സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര വൈറ്റ് വാട്ടർ കയാക്കിങ് മത്സരമായ മലബാർ റിവർ ഫെസ്റ്റിവലിന്റെ 11-ാമത് പതിപ്പിന് വേദിയായ ജില്ല - കോഴിക്കോട്
  - ➔ കേരള ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ കേരള അഡ്വഞ്ചർ ടൂറിസം പ്രമോഷൻ സൊസൈറ്റി, ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ, ത്രിതല പഞ്ചായത്തുകൾ എന്നിവ ഇന്ത്യൻ കയാക്കിങ് ആൻഡ് കനോയിങ് അസോസിയേഷന്റെ സാങ്കേതിക സഹായത്തോടെയാണ് മലബാർ റിവർ ഫെസ്റ്റിവൽ സംഘടിപ്പിച്ചത്.
  - ➔ ഇരുവഴിഞ്ഞിപ്പുഴയിലും ചാലിപ്പുഴയിലുമായിരുന്നു മത്സരം.

# പ്രധാന ദിനങ്ങൾ

- അമേരിക്കൻ സ്വാതന്ത്ര്യദിനം - ജൂലൈ 04
  - ➔ അമേരിക്കൻ സ്വാതന്ത്ര്യദിനം എന്നത് അമേരിക്കൻ ഐക്യനാടുകൾ ബ്രിട്ടീഷ് ഭരണത്തിൽ നിന്ന് സ്വാതന്ത്ര്യം നേടിയതിന്റെ വാർഷികമാണ്. 1776 ജൂലൈ 4-ന്

കോണ്ടിനെന്റൽ കോൺഗ്രസ് സ്വാതന്ത്ര്യ പ്രഖ്യാപനം അംഗീകരിച്ചതിന്റെ സ്മരണാർഥമാണ് ഈ ദിനം ആഘോഷിക്കുന്നത്.

- ലോക ജനസംഖ്യാ ദിനം - ജൂലൈ 11
  - ➔ 1987 ജൂലൈ 11ന് ലോകജനസംഖ്യ 500 കോടി തികഞ്ഞു. ഇതിന്റെ ഭാഗമായി ഐക്യരാഷ്ട്ര സംഘടനയുടെ നേതൃത്വത്തിൽ ജനസംഖ്യ വളർച്ച സൃഷ്ടിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് പൊതുസമൂഹത്തെ ബോധവാന്മാരാക്കുക എന്ന ലക്ഷ്യത്തോടെ എല്ലാ വർഷവും ജൂലൈ 11 ലോകജനസംഖ്യ ദിനമായി ആചരിക്കാൻ തീരുമാനിച്ചു.

- മലാല ദിനം - ജൂലൈ 12
  - ➔ ലോകമെമ്പാടുമുള്ള സ്ത്രീകളുടെ വിദ്യാഭ്യാസത്തിനും അവകാശങ്ങൾക്കും വേണ്ടി ശബ്ദിച്ച നൊബേൽ സമ്മാന ജേതാവ് മലാല യൂസഫ്സായിയുടെ ജന്മദിനമാണ് മലാല ദിനമായി ആചരിക്കുന്നത്.

- നെൽസൺ മണ്ടേല ദിനം - ജൂലൈ 18
  - ➔ നെൽസൺ മണ്ടേലയുടെ ബഹുമാനാർത്ഥം മണ്ടേലയുടെ ജന്മദിനമായ ജൂലായ് 18 നാണ് മണ്ടേലദിനം ആഘോഷിക്കുന്നത്.
  - ➔ 1918 ജൂലൈ 18ന് ദക്ഷിണാഫ്രിക്കയിലെ ബാഷീ നദിയുടെ തീരത്തുള്ള വെസോ എന്ന ഗ്രാമത്തിലാണ് നെൽസൺ മണ്ടേലയുടെ ജനനം.

- അന്താരാഷ്ട്ര ചെസ്സ് ദിനം - ജൂലൈ 20
  - ➔ 1924ൽ ഇന്റർനാഷണൽ ചെസ്സ് ഫെഡറേഷൻ (FIDE) സ്ഥാപിതമായ ദിവസമായ ജൂലൈ 20 നാണ് എല്ലാ വർഷവും അന്താരാഷ്ട്ര ചെസ്സ് ദിനം ആഘോഷിക്കുന്നത്.

- കാർഗിൽ വിജയ് ദിവസ് - ജൂലൈ 26
  - ➔ 1999-ൽ ജമ്മു കശ്മീരിലെ കാർഗിലിൽ പാകിസ്ഥാനെതിരെ നടന്ന യുദ്ധത്തിൽ ഇന്ത്യ നേടിയ വിജയത്തെ അനുസ്മരിക്കുന്ന ദിവസമാണ് കാർഗിൽ വിജയ് ദിവസ്.

- ലോക ഹെപ്പറ്റൈറ്റിസ് ദിനം - ജൂലൈ 28
  - ➔ 2025 Theme - Hepatitis: Let's Break It Down
  - ➔ ഹെപ്പറ്റൈറ്റിസ് ബി വൈറസ് (HBV) കണ്ടുപിടിക്കുകയും വൈറസിനുള്ള രോഗനിർണ്ണയ പരിശോധനയും വാക്സിനും വികസിപ്പിച്ചെടുക്കുകയും ചെയ്ത നോബൽ സമ്മാന ജേതാവായ ശാസ്ത്രജ്ഞൻ ഡോ. ബറൂച്ച് ബ്ലംബെർഗിന്റെ ജന്മദിനമാണ് ജൂലൈ 28.

- അന്താരാഷ്ട്ര കടുവാ ദിനം - ജൂലൈ 29
  - ➔ കടുവകളുടെ ആവാസവ്യവസ്ഥയെ സംരക്ഷിക്കുന്നതിനും വിപുലീകരിക്കുന്നതിനുമായാണ് ഈ ദിനം ആചരിക്കുന്നത്.
  - ➔ 2010-ൽ റഷ്യയിൽ നടന്ന സെന്റ് പീറ്റേഴ്സ്ബർഗ് ഉച്ചകോടിയിലാണ് അന്താരാഷ്ട്ര കടുവാ ദിനം സ്ഥാപിതമായത്.

# Thank you



4.8 ★
Download
the app now